ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൂടുതൽ കോഴ്സുകൾക്ക് അംഗീകാരം നൽകാൻ പി.എസ്.സി. യോട് ആവശ്യപ്പെടുന്നുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി വിവിധ യൂണിവേഴ്സിറ്റികളുമായി കത്തിടപാടുകൾ നടത്തി വരുന്നു.

കരകുളം വി.എച്ച്.എസ്.സി.യിൽ പുതിയ കോഴ്സ്

62 (845) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരകുളം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 'ലൈവ് സ്റ്റോക്ക് മാനേജുമെന്റിൽ' പുതിയ കോഴ്സ് തുടങ്ങുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോഴ്സ് ഈ അദ്ധ്യയന വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ പി.റ്റി.എ. പ്രസിഡന്റിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ്

63 (846) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ മാനേജരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കാൻ നിർവാഹമില്ലാത്തതിനാൽ സയൻസിന്റെ ഒരു ബാച്ച് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly